ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം തുടരുന്നു. അഹമ്മദാബാദിലെ ഹൻസൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

   Prime Minister Narendra Modi continues Gujarat visit. PM will inaugurate localized production of hybrid battery electrodes at Hansanpur.

2. സർദാർ വല്ലഭായ് പട്ടേലിന്റെയും ഗോത്ര നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദിയും ആഘോഷിക്കുന്നതിനായി മൂന്ന് ഉന്നതതല സമിതികൾ രൂപീകരിച്ച് കേന്ദ്ര സർക്കാർ.

   The government has set up three high-level committees to celebrate the 150th birth anniversaries

of Sardar Vallabhbhai Patel and tribal icon Birsa Munda, and birth centenary of Atal Bihari Vajpayee.

3. ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത് നടക്കും.

The Indian Navy will commission two of its advanced stealth frigates, Udaygiri and Himgiri, in Visakhapatnam, today.

4. ഓണാഘോഷങ്ങളുടെ പൂവിളിയുയർത്തി പൊന്നിൻ ചിങ്ങമാസത്തിലെ അത്തം പിറന്നു. അത്തച്ചമയ ഘോഷയാത്ര ഇന്ന്

Atham procession, the curtain raiser to Onam celebrations, will be held today.

5. ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം നാളെ മുതൽ പ്രാബല്യത്തിൽ വരും.

US decision to impose 25 % additional tariff will be in force from tomorrow.

6. BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ എച്ച് എസ് പ്രണോയ് ഇന്നിറങ്ങും.

**H S Pronoy will compete for India in BWF world badminton championship.**

&&&&&&&&&&&&&&&&&&

## PM - GUJARAT-TODAY

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം തുടരുന്നു. രണ്ടാം ദിനമായ ഇന്ന്, അഹമ്മദാബാദിലെ ഹൻസൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ആഭ്യന്തര ഉത്പാദനം ത്വരിതപ്പെടുത്തുന്ന ഈ സംരംഭം പ്രകൃതി സൗഹൃദ ഊർജ്ജ സാങ്കേതികവിദ്യകളിൽ മുന്നേറ്റത്തിന് കാരണമാകും. സുസുക്കിയുടെ വൈദ്യുത വാഹന കയറ്റുമതി അദ്ദേഹം ഫ്ലാഗ്-ഓഫ് ചെയ്യും. യൂറോപ്പ്, ജപ്പാൻ അടക്കമുള്ള 100 രാജ്യങ്ങളിലെ പ്രധാന വിപണികളാണ് കമ്പനി ലക്ഷ്യമിടുന്നത്. 1,400 കോടി രൂപയുടെ റെയിൽവേ പദ്ധതികളും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും

&&&&&&&&&&&&&&&&&&

## PM - GUJARAT INTRO

ഭീകരവാദികൾക്കെതിരെ രാജ്യം വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗുജറാത്തിലെ അഹമ്മദാബാദിൽ 5,400 കോടി രൂപയുടെ വികസനപദ്ധതികൾക്ക് ഇന്നലെ തുടക്കം കുറിക്കവെയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പഹൽഗാമിലെ

ഭീകരാക്രമണത്തിന് ഭീകരർക്ക് രാജ്യം നൽകിയ മറുപടി ഇതിന് ഉദാഹരണമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(voice)

ആയിരം കോടി രൂപയുടെ അഹമ്മദാബാദ്, മെഹ്സാന, ഗാന്ധിനഗർ ഊർജ്ജ വിതരണ പദ്ധതിയുടെ ഉദ്ഘാടനവും ശ്രീ നരേന്ദ്ര മോദി ചടങ്ങിൽ നിർവഹിച്ചു.

&&&&&&&&&&&&&&&&&&

**US - INDIA - TARIFFS**

ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിക്ക് 25 ശതമാനം അധിക തീരുവ ചുമത്താനുള്ള അമേരിക്കയുടെ തീരുമാനം നാളെ മുതൽ പ്രാബല്യത്തിൽ വരും. ഇത് സംബന്ധിച്ച് യുഎസ് കസ്റ്റംസ് ആൻഡ് ബോർഡർ പ്രൊട്ടക്ഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. ഓഗസ്റ്റ് 6 ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവച്ച എക്സിക്യൂട്ടീവ് ഉത്തരവ് പ്രാബല്യത്തിൽ വരുന്നതായി വിജ്ഞാപനത്തിൽ പറയുന്നു. ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങൾക്കുള്ള തീരുവ 50 ശതമാനമായി ഉയരും. നടപടി അന്യായവും, നീതീകരിക്കാനാവാത്തതും, യുക്തിരഹിതവുമാണെന്ന് ഇന്ത്യ വ്യക്തമാക്കി. ദേശീയ താത്പര്യം സംരക്ഷിക്കാൻ കഴിയുന്നതെല്ലാം ചെയ്യുമെന്ന് ഇന്ത്യ ആവർത്തിച്ചു.

&&&&&&&&&&&&&&&&&&

**FIJI INDIA**

ഭീകരതയ്ക്കെതിരെ സഹകരിച്ചു പ്രവർത്തിക്കാൻ ഇന്ത്യയും ഫിജിയും തീരുമാനിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിജി പ്രധാനമന്ത്രി സിറ്റിവേനി റബുകയും ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചയിലാണ് തീരുമാനം. പഹൽഗാം ഭീകരാക്രമണത്തെ ഇരു നേതാക്കളും അപലപിച്ചു. ഭീകരവാദത്തെ ചെറുക്കുക, ധനസഹായം തടയുക, സാങ്കേതികവിദ്യകൾ ദുരുപയോഗം ചെയ്യുന്നത് തടയുക, റിക്രൂട്ട്മെന്റ് തടയുക എന്നിവയ്ക്ക് മുൻഗണന നൽകും. പ്രതിരോധ, സുരക്ഷാ മേഖലകളിൽ പരസ്പര സഹകരണം ശക്തിപ്പെടുത്താൻ സംയുക്ത കർമപദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് ചർച്ചകൾക്ക് ശേഷം നടന്ന സംയുക്ത വാർത്താസമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

**INDIAN NAVY – UDAYGIRI – HIMGIRI**

ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത് നടക്കും. ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷത വഹിക്കും. വ്യത്യസ്ത കപ്പൽ നിർമാണശാലകളിൽ നിർമിച്ച യുദ്ധകപ്പലുകൾ ഒരേ സമയം കമ്മീഷൻ ചെയ്യുന്നത് ഇതാദ്യമായിട്ടാണ്. സെൻസർ സംവിധാനങ്ങൾ, രൂപകൽപന, ആയുധങ്ങൾ വഹിക്കാനുള്ള ശേഷി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ രണ്ട് യുദ്ധകപ്പലുകളും മികവ് പുലർത്തുന്നതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു.

ഉദയഗിരി മുംബൈയിലും ഹിമഗിരി കൊൽക്കത്തയിലുമാണ് നിർമിച്ചത്.

&&&&&&&&&&&&&&&&&&

## GOVT - COMMITTEE

സർദാർ വല്ലഭായ് പട്ടേലിന്റെയും ഗോത്ര നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും അടൽ ബിഹാരി വാജ്പേയിയുടെ ജന്മശതാബ്ദിയും ആഘോഷിക്കുന്നതിനായി കേന്ദ്ര സർക്കാർ മൂന്ന് ഉന്നതതല സമിതികൾ രൂപീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയായിരിക്കും മൂന്ന് സമിതികളുടെയും ചെയർമാൻ. രാജ്യത്തുടനീളം വിവിധ പദ്ധതികൾ, പരിപാടികൾ, അനുസ്മരണ ചടങ്ങുകൾ എന്നിവ സംഘടിപ്പിക്കാൻ സമിതി നേതൃത്വം നൽകും. 565 നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് നേതൃത്വം നൽകിയ സർദാർ വല്ലഭായ് പട്ടേൽ ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ എന്നാണറിയപ്പെടുന്നത്. ഝാർഖണ്ഡിലെ പ്രമുഖ ഗോത്ര നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമാണ് ബിർസ മുണ്ട. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജന്മദിനമായ ഡിസംബർ 25 രാജ്യം സദ്ഭരണ ദിനമായി ആചരിക്കുന്നു.

&&&&&&&&&&&&&&&&&&

## GOVT-UPS-NPS

കേന്ദ്ര സർക്കാർ പുതുതായി അവതരിപ്പിച്ച ഏകീകൃത പെൻഷൻ പദ്ധതിയിൽ നിന്ന് ദേശീയ പെൻഷൻ

പദ്ധതിയിലേക്ക് മാറാനുള്ള സൗകര്യം കേന്ദ്ര ധനകാര്യ മന്ത്രാലയം അവതരിപ്പിച്ചു. ഔദ്യോഗിക വിജ്ഞാപനമനുസരിച്ച്, വിരമിക്കലിന് ഒരു വർഷം മുമ്പ് വരെയോ സ്വമേധയാ വിരമിക്കുന്നതിന് മൂന്ന് മാസം മുമ്പ് വരെയോ ഒറ്റത്തവണ മാത്രം UPS വരിക്കാർക്ക് ഈ സൗകര്യം ലഭിക്കും. പിരിച്ചുവിടലോ അച്ചടക്ക നടപടിയോ നേരിടുന്ന ജീവനക്കാർക്ക് അർഹതയില്ല. ജൂലൈ 20 വരെ 31,555 കേന്ദ്ര സർക്കാർ ജീവനക്കാർ ഏകീകൃത പെൻഷൻ പദ്ധതി തിരഞ്ഞെടുത്തിട്ടുണ്ട്. സെപ്റ്റംബർ 30 ആണ് പദ്ധതിയിൽ ചേരാനുള്ള അവസാന തീയതി.

&&&&&&&&&&&&&&&&&&

**GOVT - GeM**

ഗവൺമെൻറ് ഇ -മാർക്കറ്റ് പ്ലേസ്- ജെം പ്ലാറ്റ് ഫോമിലൂടെ 15 ലക്ഷം കോടി രൂപയുടെ വ്യാപാരം ഇതിനോടകം നടന്നതായി കേന്ദ്ര സർക്കാർ. 2016 മുതലാണ് ജെം പ്രവർത്തനം ആരംഭിച്ചത്. രാജ്യത്തെ MSME കൾ, സ്റ്റാർട്ട് അപ്പുകൾ, സ്വയം സഹായ സംഘങ്ങൾ, എസ്.സി, എസ്.റ്റി, വനിതാ സംരംഭകർ തുടങ്ങിയവർക്ക് പ്രോത്സാഹനം പകരുന്ന വേദിയാണ് ജെം പ്ലാറ്റ് ഫോം എന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&&&

**BONUS**

ഓണം പ്രമാണിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ബോണസ് 500 രൂപ വർദ്ധിപ്പിച്ചു. ഇത്തവണ 4,500 രൂപ ബോണസ് ലഭിക്കും.

ബോണസിന് അർഹത ഇല്ലാത്തവർക്കുള്ള പ്രത്യേക ഉത്സവബത്ത 2,750 രൂപയിൽ നിന്നും 3,000 രൂപയായി ഉയർത്തിയതായും ധന മന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. സർവീസ് പെൻഷൻകാരുടെ പ്രത്യേക ഉത്സവബത്ത 250 രൂപ വർദ്ധിപ്പിച്ച്, 1,250 രൂപയാക്കി. എല്ലാ സർക്കാർ ജീവനക്കാർക്കും ഓണം അഡ്വാൻസായി 20,000 രൂപ അനുവദിക്കും. പാർട്ട് ടൈം, കണ്ടിൻജന്റ് ഉൾപ്പെടെയുള്ള മറ്റു ജീവനക്കാർക്ക് അഡ്വാൻസ് 6,000 രൂപയാണ്. കഴിഞ്ഞവർഷം ഉത്സവബത്ത ലഭിച്ച കരാർ-സ്കീം

തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും 250 രൂപവീതം വർദ്ധിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ONAM FARE -INTRO

ഓണച്ചന്തകളും ഓണ വിപണികളുമായി സംസ്ഥാനത്തെ ഓണ വിപണി സജീവമാകുന്നു. ഓണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ. ഓണാഘോഷങ്ങളുടെ പൂവിളിയുയർത്തി പൊന്നിൻ ചിങ്ങമാസത്തിലെ അത്തം ഇന്ന്. അത്തച്ചമയ ഘോഷയാത്ര ഇന്നു തൃപ്പൂണിത്തുറയിൽ നടക്കും . സെപ്റ്റംബർ അഞ്ചിനാണ് തിരുവോണം നാടെങ്ങും പൂവിപണിയും സജീവമായിട്ടുണ്ട്.

***ആകാശവാണി ലേഖകൻ ശ്രീ സ്മിതി എം പള്ളുരുത്തി നൽകുന്ന റിപോർട്ട്.............***

***(VOICE)***

&&&&&&&&&&&&&&&&&&

## ONAM-KIT

സംസ്ഥാന സർക്കാർ എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും നൽകുന്ന സൗജന്യ ഓണക്കിറ്റ് വിതരണത്തിന്റെ

സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ ഇന്ന് തിരുവനന്തപുരത്ത്

നിർവഹിക്കും. പഞ്ചസാര, വെളിച്ചെണ്ണ, തുവര പരിപ്പ്, ചെറുപയർ പരിപ്പ്, വൻ പയർ, കശുവണ്ടി, മിൽമ നെയ്യ്, ഗോൽഡ് ടീ, പായസം മിക്സ്, സാമ്പാർ പൊടി, മുളകുപൊടി, മഞ്ഞൾപൊടി, മല്ലിപ്പൊടി, ഉപ്പ് തുടങ്ങിയ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയ ഓണക്കിറ്റാണ് വിതരണം ചെയ്യുന്നത്. ഓണത്തിനു മുമ്പ് മുഴുവൻ എ.എ.വൈ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും കിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഭക്ഷ്യപൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## SHIVRAJ CHOUHAN – IISER

അമേരിക്കയിൽ നിന്നുള്ള കാർഷിക ഉത്പന്നങ്ങളുടെ ഇറക്കുമതിക്കു സർക്കാർ അനുമതി നിഷേധിച്ചതായി കേന്ദ്ര കൃഷി, കർഷക ക്ഷേമ മന്ത്രി ശിവരാജ് സിങ് ചൗഹാൻ. ഇന്ത്യൻ കർഷകരുടെ താൽപര്യത്തിനാണ് മറ്റെന്തിനെക്കാളും മുൻഗണനയെന്നും അദ്ദേഹം വ്യക്തമാക്കി. ഐസർ ഭോപാലിന്റെ ബിരുദദാന ചടങ്ങിൽ സംസാരിക്കുകയാരുന്നു അദ്ദേഹം. സ്വന്തം ജനതയുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പുതിയ ഭാരതത്തിന് പൂർണ ആത്മവിശ്വാസമുണ്ടെന്നും അതിൽ ആരേയും ഭയമില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**BADMINTON**

പാരിസിൽ നടക്കുന്ന BWF ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ എച്ച് എസ് പ്രണോയ് ഇന്നിറങ്ങും. ഫിൻലാൻഡ് താരത്തെയാണ് പ്രണോയ് നേരിടുന്നത്. പുരുഷ സിംഗിൾസിൽ നിന്ന് ലക്ഷ്യ സെൻ പുറത്തായതിനെ തുടർന്ന് എച്ച് എസ് പ്രണോയിലാണ് ഇന്ത്യൻ പ്രതീക്ഷ.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&